**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3085** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന്റെ പി.എം.എം.എസ്.വൈ (എസ്.സി/എസ്.ടി) പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പി.എം.എം.എസ്.വൈ. (എസ്.സി./എസ്.ടി.) യിൽ വനത്തിനുള്ളിലെ ആദിവാസികൾക്ക് ഗുണഭോക്തൃ വിഹിതത്തിൽ പ്രത്യേക ഇളവ് നൽകി നടപ്പാക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പി.എം.എം.എസ്.വൈ (എസ്.സി/എസ്.ടി) യിൽ വനത്തിനുള്ളിലെ ആദിവാസികൾക്ക് ഗുണഭോക്തൃവിഹിതത്തിൽ പ്രത്യേക ഇളവ് നൽകുന്നതിന് നിലവിലെ പി.എം.എം.എസ്.വൈ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടില്ല. എന്നാൽ പി.എം.എം.എസ്.വൈ മാർഗ്ഗനിർദ്ദേശ പ്രകാരം ജനറൽ വിഭാഗത്തിന് 40% സബ്സിഡിയും എസ്.സി/എസ്.ടി/വനിത വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് 60% സബ്സിഡി നൽകുന്നതിനാണ് അനുമതി ലഭ്യമായിട്ടുള്ളത്. ആയതിനാൽ വനത്തിനുള്ളിലെ ആദിവാസികൾക്ക് ഗുണഭോക്തൃവിഹിതത്തിൽ പ്രത്യേക ഇളവ് നൽകുന്നതിന് പി.എം.എം.എസ്.വൈ മാർഗ്ഗരേഖ പ്രകാരം കഴിയുന്നതല്ല. |
| (ബി) | മൂത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം ആദിവാസി കോളനിയിലെ ബാലൻ എന്ന വ്യക്തി തടുക്ക ഫോറസ്റ്റ് സ്റ്റേഷന് കീഴിൽ മത്സ്യകൃഷി നടത്താൻ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന്റെ എം.ബി./എൻ.എൽ.ബി.ആർ./ പി.എം.എം.എസ്.വൈ./ (എസ്.സി./എസ്.ടി.) 2021 നമ്പർ ഫയലിലെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | മൂത്തേടം പഞ്ചായത്തിലെ ഉച്ചക്കുളം ആദിവാസി കോളനിയിലെ ശ്രീ.ബാലൻ, കാരക്കാപ്പറം എന്ന വ്യക്തിക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി പ്രകാരം റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് അനുമതി ലഭിക്കുന്നതിനായി 24/09/2021 ന് നിലമ്പൂർ മത്സ്യഭവൻ ഓഫീസറും 16/11/2021 ന് ഫിഷറീസ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറും യഥാക്രമം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും ജില്ലാ ഫോറസ്റ്റ് ഓഫീസർക്കും കത്ത് നൽകുകയുണ്ടായി. ആയത് പ്രകാരം 17/12/2021 ന് ഡി-6402/21 നമ്പർ കത്ത് മുഖേന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ മറുപടിയിൽ ടിയാന് 10/11/2021 തീയതിയിൽ 648/01/11 നമ്പറായി 13.25 സെൻറ് സ്ഥലം വനാവകാശനിയമപ്രകാരം അനുവദിച്ചിട്ടുള്ളതാണെന്നും ആയതിൽ മത്സ്യകൃഷി നടത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം 13 ഇനം വികസന |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾക്കായി മാത്രമാണ് ഭൂമി അനുവദിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അധികാരപ്പെടുത്തിയിരിക്കുന്നത്. മത്സ്യകൃഷിക്കോ മറ്റു കൃഷിക്കോ ഭൂമി വിട്ടു നൽകുന്നതിന് അധികാരം ഇല്ലാത്തതാണ്. ശ്രീ.ബാലൻ എന്നയാൾക്ക് മാത്രമായി ടിയാന് വനാവകാശ രേഖ പ്രകാരം Record of Right അനുവദിച്ചതിൽ കൂടുതൽ ഭൂമി കൃഷി ആവശ്യത്തിനായി അനുവദിക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ